**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1468** **12-02-2025 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ കരിയർ ഡെവലപ്മെന്റ് സെന്ററിന് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ കരിയർ ഡെവലപ്മെന്റ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (എ) | **പയ്യന്നൂർ കേന്ദ്രമായി കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് പയ്യന്നൂർ കണ്ടംകാളി വികസന സമിതിയുടെ പേരിൽ പയ്യന്നൂർ താലൂക്കിൽ പയ്യന്നൂർ വില്ലേജിൽ കണ്ടംകാളി അംശം 210/102/(Old) സർവ്വേ നമ്പരിൽ വരുന്ന 12 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിന് സമ്മതപത്രം നൽകുകയും പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | പ്രസ്തുത സ്ഥലം വകുപ്പിന്റെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത സ്ഥലം വകുപ്പിന്റെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആധാരത്തിന്റെ അസ്സൽ എംപ്ലോയ്മെന്റ് ഡയറക്ടർ ഒപ്പ് വെച്ച് നൽകുകയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് എംപ്ലോയ്മെന്റ് ഡയറക്ടറുടെ പ്രതിനിധിയായി കണ്ണൂർ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ ഉടനെ തന്നെ പൂർത്തിയാകും. |
| (സി) | കരിയർ ഡെവലപ്മെന്റ് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | കരിയർ ഡെവലപ്പ്മെന്റ് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പയ്യന്നൂർ പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിച്ച 231 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | കരിയർ ഡെവലപ്പ്മെന്റ് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പയ്യന്നൂർ പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിച്ച 231 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ